# മഴ, കാറ്റ്, ഭൂമി...
# ഒരു അമിർ നദേരി ചലച്ചിത്രം

രൺജിത് തങ്കപ്പൻ

ഇറാനിയൻ സിനിമ മലയാളിയുടെ മനം കവർന്നത് 1997-ൽ തിരുവനന്തപുരത്തു നടന്ന അന്താരാഷ്ട്ര ചലച്ചിത്രോത്സവ (IFFI) ത്തോടെയാണ്. അന്നു മുതൽ ഇന്നു വരെ ഇറാനിയൻ സിനിമ മലയാളിയുടെ മനസ്സിലുണ്ട്. കഴിഞ്ഞുപോയ ഓരോ ചലച്ചിത്രോത്സവവും അതിനു നിദർശനങ്ങളാണ്.

ചലച്ചിത്രത്തിന്റെ ദൃശ്യഭാഷ പ്രയോഗിക്കുന്നതിൽ കൃതഹസ്തനായ ഇറാനിയൻ സംവിധായകനാണ് അമിർ നദേരി. അദ്ദേഹത്തിന്റെ 'വാട്ടർ, വിൻഡ്, എർത്ത് ' എന്ന ചലച്ചിത്രം അലൈൻസ് ഫ്രാഞ്ചൈസും ഫ്രഞ്ച് എമ്പസിയും ചേർന്ന് തിരുവനന്തപുരത്ത് ജൂൺ 26, 27 തീയതികളിൽ സംഘടിപ്പിച്ച ചലച്ചിത്രോത്സവത്തിൽ പ്രദർശിപ്പിക്കുകയുണ്ടായി. 'വാട്ടർ, വിൻഡ്, എർത്ത് ' തികച്ചും വ്യത്യസ്തമായ ഒരനുഭവ പ്രപഞ്ചമാണ് ഒരുക്കുന്നത്. 1989-ൽ നിർമ്മിച്ച ഈ ചലച്ചിത്രം വരൾച്ചാപീഡിതമായ തെക്കൻ ഇറാനിന്റെ കഥയാണു പറയുന്നത്. പറയുന്നത് എന്നല്ല കാണിക്കുന്നത് എന്നു തന്നെയാണ് ശരിയും എഴുതേണ്ടത്. ഭൂമിയും മനുഷ്യനും ഒരിറ്റുവെള്ളത്തിനായി പോരാടുന്നതിന്റെ ദൃശ്യവാങ്മയചിത്രമാണ് ഒന്നരമണിക്കൂർ നീണ്ട ഈ ചലച്ചിത്രം.

കടുത്ത വരൾച്ച മൂലം നാടുപേക്ഷിച്ച തന്റെ അച്ഛനമ്മമാരെ തേടി അലയുന്ന ബാലനാണ് വെള്ളം, കാറ്റ്, ഭൂമി എന്നിവയ്ക്കൊപ്പം സിനിമയിലെ മുഖ്യകഥാപാത്രം. അലച്ചിലിനിടയിൽ അവൻ വരൾച്ചകൊണ്ടു പീഡിതരായി പലായനം ചെയ്യുന്ന പലരേയും കണ്ടുമുട്ടുന്നു. അവരുമായുള്ള ഇടപഴകലിലൂടെ അവൻ ജീവിതത്തിന്റെ സങ്കീർണ്ണമായ പല മുഖങ്ങളും കാണുന്നു. അവരിൽ ഒരാളാണ് വെള്ളത്തിനായി ആഴത്തിൽ കിണർ കുഴിച്ചിട്ടും ഒരു തുള്ളി വെള്ളംപോലും കിട്ടാത്ത വൃദ്ധൻ. തന്റെ കയ്യിലെ അവസാനത്തുള്ളി വെള്ളംപോലും ബാലന് ഊറ്റിക്കൊടുക്കാൻ എന്നിട്ടും അയാൾ സന്നദ്ധനാണ്. മരണം വരൾച്ചയുടെയും മണൽക്കാറ്റിന്റേയും രൂപത്തിൽ മുന്നിൽ വന്നു നിൽക്കുമ്പോൾ സ്വന്തം കുഞ്ഞിനെപ്പോലും ഉപേക്ഷിക്കുന്നവരും, ഒരു ബക്കറ്റു വെള്ളത്തി



ന് മനുഷ്യത്വത്തേക്കാൾ വില കൽപ്പിക്കുന്ന പലായനക്കാരും ജീവിതത്തിന്റെ ഭാഗമാണ്.

ചെറുപ്രായത്തിലേ ഇതെല്ലാം കാണാനും അനുഭവിക്കാനും വിധിക്കപ്പെട്ടെങ്കിലും മാനുഷികമൂല്യം കൈവിടാതെ കാത്തു സൂക്ഷിക്കുന്ന ഇറാനിയൻ ബാലൻ സിനിമയുടെ ജീവനാണ്. പ്രകൃതിയോടും അതിന്റെ ഭാഗമായ മനുഷ്യനടക്കമുള്ള ജീവജാലങ്ങളോടുമുള്ള അവന്റെ സ്നേഹമാണ് സിനിമയുടെ അന്തർധാര. പ്രകൃതിയോടു പടവെട്ടി തന്റെയും, തനിക്കു ചുറ്റുമുള്ള ജന്തുജാലങ്ങളുടെയും ജീവൻ നിലനിർത്താൻ പെടാപ്പാടു പെടാൻ അവനെ പ്രാപ്തനാക്കുന്നതും അതേ ചേതോവികാരമാണ്. മനുഷ്യക്കുഞ്ഞിനേയും, വെള്ളമില്ലാതെ പിടയുന്ന അലങ്കാര മൽസ്യങ്ങളേയും അവന് ഒരേപോലെ സ്നേഹിക്കാൻ കഴിയുന്നു.

അലങ്കാര മൽസ്യങ്ങളെ വെള്ളമുള്ള കിണറ്റിലേക്കിട്ട് രക്ഷിക്കാനും, ഒരു ബക്കറ്റ് വെള്ളം അടുത്തുവെച്ച് കളഞ്ഞുകിട്ടിയ കുഞ്ഞിന് രക്ഷിതാക്കളെ ഉണ്ടാക്കിക്കൊടുക്കാനും അവൻ ശ്രമിക്കുന്നത് വരണ്ട ഒരു ഭാവി മുന്നിൽക്കണ്ടുകൊണ്ടാണ്. അമിർ നദേരിയും ഇവിടെ ബാലനെപ്പോലെ ദീർഘദർശിയാവുകയാണ്. വരാനിരിക്കുന്ന നൂറ്റാണ്ട് കടുത്ത ജലക്ഷാമത്തിന്റേതായിരിക്കുമെന്നും മാനവരാശി ഇറാനിയൻ ബാലനെപ്പോലെ ഒറ്റപ്പെട്ട് നിസ്സഹായനായിപ്പോവുമെന്നും നദേരി മുന്നറിയിപ്പു നൽകുന്നു.

നദേരി തീർച്ചയായും ഒരു മികച്ച ഫോട്ടോഗ്രാഫറായിരിക്കണം. ഈ സിനിമയുടെ ഓരോ ഫ്രെയ്മും നമ്മോടു പറയുന്നത് അതാണ്. മണലാരണ്യത്തിന്റെ മനോഹാരിത ഒപ്പിയെടുത്ത ഷോട്ടുകൾ ഓരോന്നും ഹൃദയാവർജ്ജകമാണ്. ചലച്ചിത്രത്തിന് ദൃശ്യഭാഷയൊരുക്കിയ പക്സ്ദിനും അത് വേണ്ടവിധം പ്രയോജനപ്പെടുത്തിയ സംവിധായകൻ അമിർ നദേരിയും പ്രശംസയർഹിക്കുന്നു.

സിനിമ ഒരു ദൃശ്യകലാരൂപമാണെന്നും പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തേക്കാൾ ആഴവും സങ്കീർണ്ണവുമാർന്നതായി മറ്റൊന്നുമില്ലെന്നും ഈ സിനിമ നമ്മെ ഓർമ്മിപ്പിക്കുന്നു. ഡയലോഗുകളുടെ കാര്യത്തിലും മിതത്വം പാലിച്ചിട്ടുണ്ട്. കിണറുകൾ കുഴിച്ചു കുഴിച്ച് തളർന്നു വീഴുന്ന ബാലനിൽ പ്രതീക്ഷയായി വളരുന്ന പ്രളയം ഒടുവിൽ മനുഷ്യരാശിക്കു തന്നെ അന്തിമാശ്രയമാകുമോ എന്ന ചോദ്യമുയർത്തിക്കൊണ്ട് ചിത്രം അവസാനിക്കുന്നു.

മണൽക്കാറ്റുകളുടെ ശീൽക്കാരം അവസാനം വരെ ചിത്രത്തിന് പശ്ചാത്തലസംഗീതമാകുന്നു. തികച്ചും വ്യത്യസ്തവും ഏറെക്കുറെ ഡോക്യുമെന്ററി രീതിയിലുമെടുത്ത ഈ സിനിമ ഇറാനിയൻ സിനിമയിലെ വേറിട്ടൊരു ഏടാണ്. പ്രകൃതിയുടെ നൊമ്പരവും മനുഷ്യരാശിയുടെ ഭാവിയെക്കുറിച്ചുള്ള ആശങ്കകളും അതിന്റെ വക്കിൽ പറ്റിപ്പിടിച്ചിരിപ്പുണ്ട്.